വരുത്തുവാനുള്ള കരട് ചട്ടങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ വയ്ക്കുവാൻ മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ട്. കമ്മിറ്റിയിൽ വയ്ക്കുന്നതിന് മുൻപ് കരട് ചട്ടങ്ങൾ ഉപദേശത്തിനായി പബ്ളിക്ക് സർവ്വീസ് കമ്മിഷന് അയച്ചുകൊടുത്തിട്ടുണ്ട്. ഇതിൽ കമ്മിഷന്റെ വിശദാംശങ്ങൾ ആരാഞ്ഞിട്ടുണ്ട്. അത് സർക്കാരിന്റെ പരിഗണനയിലാണ്. പി. എസ്. സി. യുടെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ പ്രിൻസിപ്പൽ, പ്രൊഫസർ തസ്തികയിലേക്കുള്ള നിയമനങ്ങൾക്ക് യു. ജി. സി. നിഷ്ക്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ നടപ്പിലാക്കാൻ കഴിയും. ശ്രീ. പി. ടി. തോമസ് ഉന്നത വിദ്യാഭ്യാസരംഗത്തെ ഒരു പ്രശ്നമാണുന്നയിച്ചിട്ടുള്ളത്. ഗവണ്മെന്റ് അതിൽ സീരിയസ്സാണ്. ഈ കാര്യത്തിൽ തീർച്ചയായും വളരെ വേഗത്തിൽ തന്നെ തീർപ്പുണ്ടാക്കാൻ ശ്രമിക്കുന്നതാണ്.

(14) എൻ. എച്ച്. 17-ലെ മുത്തകുന്നം-ചെറിയാപ്പിള്ളി വരെയുള്ള പണി

ശ്രീ. എം. എ. ചന്ദ്രശേഖരൻ: സർ, എൻ.എച്ച്.17-ലെ മുത്തകുന്നം മുതൽ ചെറിയാപ്പിള്ളി വരെയുള്ള പ്രദേശത്തെ സ്ഥലമെടുപ്പുനടപടികൾ 1993-ൽ പൂർത്തിയായതാണ്. പക്ഷേ ഈ ഭാഗത്തെ പണി തുടങ്ങുന്ന കാര്യത്തിൽ എൻ. എച്ച്. അധികാരികൾ കുറ്റകരമായ അനാസ്ഥയാണ് കാണിക്കുന്നത്. ഇതിനെതിരായി ഹൈക്കോടതിപോലും പ്രതികരിക്കുകയും, കാലതാമസം ഒഴിവാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടും ഇതുവരെ നടപടി ഉണ്ടായിട്ടില്ല. ഇന്ന് മുത്തകുന്നം മുതൽ പറവൂർ വരെയുള്ള യാത്ര ജീവൻ പണയം വച്ചുകൊണ്ടുള്ള കളിയാണ്. അതുകൊണ്ട് ഈ ഭാഗത്തെ പണി തുടങ്ങുവാൻ ഗവണ്മെന്റ് അടിയന്തിരമായും നടപടികൾ കൈക്കൊള്ളണം.

മരാമത്ത് വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസവകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* സർ, മുത്തകുന്നം മുതൽ ചെറിയാപ്പിള്ളി വരെയുള്ള അലൈൻമെന്റ് 19-11-1984-ൽ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും, ഇതിന്റെ സ്ഥലമെടുപ്പ് പരിപാടികൾ 1993-ൽ പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ കേരളത്തിന്റെ ദേശീയപാതയുടെ വികസനത്തിനായി അനുവദിക്കുന്ന വാർഷിക പദ്ധതികളിൽ ഇതിനാവശ്യമായ തുക അപര്യാപ്തമായതിനാൽ ഇതിന്റെ തുടർ നടപടികളെടുക്കുവാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും മുത്തകുന്നം ബ്രിഡ്ജിന്റെയും അതിനോടനുബന്ധിച്ചുള്ള 800 മി. റോഡിന്റെയും പണി 1997-ൽ തുടങ്ങി. 2000-ൽ പൂർത്തീകരിക്കുകയും ചെയ്തു. മുത്തകുന്നം മുതൽ ചെറിയാപ്പിള്ളി വരെയുള്ള നിർമ്മാണ പ്രവർത്തനത്തിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

28.32 കോടി രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്രഗവണ്മെന്റിൽ 27-8-2001-ൽ സമർപ്പിച്ചു. 13-10-2003-ലെ കേന്ദ്ര ഉപരിതലമന്ത്രാലയം പ്രസ്തുത എസ്റ്റിമേറ്റിൽ ചില മാനദണ്ഡങ്ങൾ നിശ്ചയിക്കുയും അതനുസരിച്ച് പുതുക്കിയ എസ്റ്റിമേറ്റ് പുന:സമർപ്പണത്തിന് നിർദ്ദേശിക്കുകയും ചെയ്തു. മാറ്റങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള detailed project report നൽകുവാനായി Lee Associates എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയും ചെയ്തു. പ്രസ്തുത കൺസൾട്ടൻസിക്കുള്ള അംഗീകാരം 12-3-2004-ൽ ആണ് കേന്ദ്രം നൽകിയത്. പുതുക്കിയ എസ്റ്റിമേറ്റ് Consultancy -ൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് കേന്ദ്രത്തിൽ സമർപ്പിച്ച് അംഗീകാരം നേടി നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതാണ്.

(15) മുതിർന്ന പൗരന്മാരുടെ പ്രയാസങ്ങൾ

പ്രൊഫ. എ. ഡി. മുസ്തഫ: സർ, ഇന്ന് നമ്മുടെ സമൂഹത്തിൽ അണുകുടുംബ സമ്പ്രദായം നിലവിൽ വന്നതോടുകൂടി ഏറ്റവുമധികം കഷ്ടപ്പെടുന്ന ഒരു വിഭാഗമായി വൃദ്ധജനങ്ങൾ മാറിയിരിക്കുകയാണ്. ആർക്കും വേണ്ടാത്ത, ഒരു പരിഗണനയും ലഭിക്കാത്ത, ഒരു പാഴ്വസ്തു പോലെ അധ:പതിച്ചിരിക്കുകയാണ്. ചില വീടുകളിൽ ഇവരുടെ ജോലി എന്നു പറയുന്നത് പേരക്കുട്ടികളെ നോക്കുന്ന ആയമാരുടെ ചുമതലയാണ്. ചില വീടുകളിൽ ആളുകൾ പുറത്തുപോയി കഴിഞ്ഞാൽ ആ വീട് കാവൽ നിൽക്കുക എന്നതാണ്. ചിലയിടത്ത് വീട്ടുസാധനങ്ങൾ വാങ്ങാൻ വേലക്കാരനായും, നല്ല വീടുകളിൽ, സാമ്പത്തിക ശേഷിയുള്ള വീടുകളിൽ അലങ്കരിച്ച മറ്റൊരു അലങ്കാരവസ്തുവായി മാറിയിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഒരു വൃദ്ധനയം ഉണ്ടെന്ന് മനസ്സിലാക്കുന്നു. പക്ഷെ വൃദ്ധനയമനുസരിച്ച് ഒരു കാര്യവും നടത്തിയിട്ടില്ല. ഏതായാലും പൂർണ്ണമായും അവശത അനുഭവിക്കുന്ന ഈ വിഭാഗത്തിന്റെ കാര്യത്തിൽ ശ്രദ്ധ വേണമെന്ന ഈ സബ്മിഷൻ ഞാനിവിടെ അവതരിപ്പിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):* സർ, വയോജനങ്ങളുടെ സംഖ്യ ത്വരിതഗതിയിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ ഇത് ദേശീയനിലവാരത്തെക്കാളും കൂടുതലാണ്. വയോജനങ്ങളുടെ എണ്ണം വർദ്ധിക്കുകയും ദീർഘായുസുമൂലം അവർക്ക് പരിരക്ഷ ആവശ്യമുള്ള കാലത്തിന്റെ ദൈർഘ്യം കൂടുകയും ചെയ്തതോടുകൂടി ഇവരുടെ പ്രശ്നങ്ങളും, പ്രയാസങ്ങളും കൂടുതൽ സങ്കീർണ്ണമായിട്ടുണ്ട്. പരിരക്ഷിക്കാൻ ആളില്ലാതെയും, ഏകാന്തതയും അവഗണനയും അനുഭവിച്ചും ജീവിതം തള്ളിനീക്കാൻ വയോജനങ്ങൾ നിർബന്ധിതരാകുന്ന ഒരു സാഹചര്യം ഉണ്ടായിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്കു താഴെ

LIBRARY ARCHIVES Kerala Legislative Assembly